**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 702** **17-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.എൽ. ഓൺലൈൻ വിവരാവകാശ പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവരാവകാശ അപേക്ഷ സമർപ്പിക്കാൻ ഓൺലൈൻ പോർട്ടൽ സംവിധാനങ്ങൾ ഉണ്ടെങ്കിലും പൊതു ജനങ്ങൾ ആശ്രയിക്കു ന്ന കെ.എസ്.ഇ.ബി.എൽ. -ൽ ഇനിയും വിവരാവകാശ ഓൺലൈൻ പോർട്ടൽ തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മേൽ പറഞ്ഞ സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം പൊതുജനങ്ങൾക്ക് കെ.എസ്.ഇ.ബി.എൽ സംബന്ധിക്കുന്ന വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ആർ.ടി.ഐ. പോർട്ടൽ രൂപീകരണത്തിനായുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് വരികയാണ്. |
| (ബി) | കെ.എസ്.ഇ.ബി.എൽ.- ലേക്ക് വിവരാവകാശ അപേക്ഷ സമർപ്പിക്കുന്നവർക്ക് ഓൺലൈൻ ആയി പണമടക്കാനുള്ള നിലവിലെ സംവിധാനം സംബന്ധിച്ച് വിശദീകരിക്കാമോ; | (ബി) | ഓൺലൈനായി പണം അടയ്ക്കുന്നതിന് ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിക്കായി കെ എസ് ഇ ബി എൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഊർജ്ജ വകുപ്പ് ധനകാര്യ വകുപ്പിന്റെ അനുമതി തേടുകയും പ്രസ്തുത വകുപ്പ് താഴെ പറയുന്ന അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്<br><br>"ജി.ഒ (P) നമ്പർ 45/2025/ഫിനാൻസ്, 09.04.2025 തീയതിയിലുള്ളതിനുസരിച്ച്, ട്രഷറി അക്കൗണ്ടുകൾ ഇല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും, ആർടിഐ പോർട്ടൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഫീസ് ഈടാക്കുന്നതിനായി പുതിയ **STSB അക്കൗണ്ട്** തുറക്കുന്നതിന് അനുമതി നൽകിയിരിക്കുന്നു. അതിനാൽ മുകളിൽ പറയുന്ന കാര്യത്തിന് പ്രത്യേകമായി ധനകാര്യ വകുപ്പിൽ നിന്നും വേറെ ഉത്തരവ് ആവശ്യമില്ല".<br><br>ഇതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം ഉടൻ കെ എസ് ഇ ബി എല്ലിന് നൽകുന്നതാണ്. |
| (സി) | മൂന്ന് മാസത്തിനകം ആർ.ടി.ഐ. ഓൺലൈൻ പോർട്ടൽ ആരംഭിക്കണമെന്ന ബഹു: സുപ്രീം കോടതിയുടെ 29.03.23-ലെ wp(c)no.1040/2019 നമ്പർ വിധി നിലനിൽക്കെ കെ.എസ്.ഇ.ബി.എൽ.- | (സി) | ഓൺലൈനായി പണം അടയ്ക്കുന്നതിന് ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിക്കായി കെ എസ് ഇ ബി എൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു. |

| | | | |
|---|---|---|---|
| | ൽ ആയത് നടപ്പാക്കാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | | ഇക്കാര്യത്തിൽ ഊർജ്ജ വകുപ്പ് ധനകാര്യ വകുപ്പിന്റെ അനുമതി തേടുകയും പ്രസ്തുത വകുപ്പ് താഴെ പറയുന്ന അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്<br><br>"ജി.ഒ (P) നമ്പർ 45/2025/ഫിനാൻസ്, 09.04.2025 തീയതിയിലുള്ളതിനുസരിച്ച്, ട്രഷറി അക്കൗണ്ടുകൾ ഇല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും, ആർടിഐ പോർട്ടൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഫീസ് ഈടാക്കുന്നതിനായി പുതിയ **STSB അക്കൗണ്ട്** തുറക്കുന്നതിന് അനുമതി നൽകിയിരിക്കുന്നു. അതിനാൽ മുകളിൽ പറയുന്ന കാര്യത്തിന് പ്രത്യേകമായി ധനകാര്യ വകുപ്പിൽ നിന്നും വേറെ ഉത്തരവ് ആവശ്യമില്ല".<br><br>ഇതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം ഉടൻ കെ എസ് ഇ ബി എല്ലിന് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ